# ദർഘാസ് പരസ്യം

എറണാകുളം ജില്ലയിൽ കളമശ്ശേരി മുൻസിപ്പാലിറ്റിയിൽ കിൻഫ്രയുടെ അധീനതയിൽ ഉള്ള കിൻഫ്ര ഹൈടെക് പാർക്ക് മുതൽ സീപോർട് എയർപോർട്ട് റോഡ് വേറെ ഉള്ള അപ്രോച്ച് റോഡിൻറെ കൺസ്ട്രക്ഷൻ സൈറ്റിൽ നിൽക്കുന്ന മരങ്ങൾ വില്പന ചെയ്തു നീക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ കിൻഫ്രയുടെ കോമ്പൗണ്ടിൽ നിന്നും ഇവ നീക്കുന്നതിന് വേണ്ടി പരസ്യ ലേലം / മുദ്ര വെച്ച ദർഘാസുകൾ ക്ഷണിക്കുന്നു.

ദർഘാസ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ടൈപ്പ് | അടിസ്ഥാന വില | നിരത ദ്രവ്യ തുക | ദർഘാസ് ഫോറത്തിന്റെ തുക നികുതി അടക്കം |
|---|---|---|---|---|
| 1 | **മരങ്ങൾ** | **Rs. 5,87,860/-** | **Rs. 14,700/-** | **Rs.1652/-**<br>- |

ദർഘാസ് /ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ നിർദിഷ്ട ഫോറത്തിനായി കിൻഫ്രയുടെ കളമശ്ശേരിയിലുള്ള ഓഫീസിൽ **16/03/2023 രാവിലെ 10 മണി മുതൽ 23/03/2023 വൈകിട്ട് 5** മണി വരെ (ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ) അപേക്ഷയോടൊപ്പം ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖയും മാനേജിങ് ഡയറക്ടർ കിൻഫ്രയുടെ പേരിലുള്ള **Rs.1652/-** രൂപക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റും (മടക്കി നൽകാത്ത തുക) നൽകി നിർദിഷ്ട ദർഘാസ് ഫോറം വാങ്ങാവുന്നതാണ്.
ശരിയായി പൂരിപ്പിച്ചു മുദ്ര വച്ച ദർഘാസുകൾ **14,700**/- രൂപയുടെ നിരത ദ്രവ്യത്തോടൊപ്പം (ഇ എം ഡി) **"The Managing Director KINFRA."** എന്ന മേൽവിലാസത്തിൽ 24/03/2023 രാവിലെ 11.30 AM മുമ്പായി കിൻഫ്രയുടെ കളമശ്ശേരിയിലുള്ള ഹൈടെക് പാർക്ക് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ടെൻഡർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്

ദർഘാസ് ഫോറത്തിന്റെ വിലയും നിരത ദ്രവ്യ **തുകയും** തിരുവനന്തപുരത്തു മാറാവുന്ന നാഷണലൈസ്ഡ് അഥവാ ഷെഡ്യൂൾഡ് ബാങ്ക് വഴി എടുത്ത മാനേജിങ് ഡയറക്ടർ, കിൻഫ്രയുടെ പേരിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ആയി വേണം സമർപ്പിക്കേണ്ടത്. നിർദിഷ്ട സമയത്തിന് ശേഷം ലഭിക്കുന്നതും മതിയായ നിരത ദ്രവ്യം സമർപ്പിക്കാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

ദർഘാസ് സമർപ്പിച്ചിട്ടുള്ള വ്യക്തികളെ മാത്രം ഉൾപ്പെടുത്തി 24/03/2023 നു രാവിലെ 12.00 മണിക്ക് കിൻഫ്രയുടെ **കളമശ്ശേരിയിലുള്ള** ഓഫീസിൽ നിരത ദ്രവ്യ തുക അടങ്ങിയ ടെക്നിക്കൽ ഫോം തുറക്കുകയും അതിനു ശേഷം ദർഘാസിൽ നിഷ്കർഷിച്ച പ്രകാരം യോഗ്യരായ കക്ഷികളെ മാത്രം ലേല നടപടികളിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതാണ്. ലേല നടപടികൾ അവസാനിച്ചതിന് ശേഷം ലേലം ഉറപ്പിക്കുന്ന മുറയ്ക്ക് 10,00,000 രൂപയോ ലേലം ഉറപ്പിച്ച തുകയുടെ 35 % മോ ഉടനടി കിൻഫ്രയിൽ കെട്ടിവെക്കേണ്ടതാണ്. ശേഷം പ്രൈസ് ബിഡ് ഫോം തുറക്കുന്നതായിരിക്കും. ടെൻഡറിലോ പരസ്യ ലേലത്തിലോ ഉയർന്ന തുക രേഖപ്പെടുത്തുന്നയാൾക്ക്, സ്ഥാപന മേലധികാരിക്ക് യുക്തമെന്നു ബോധ്യപ്പെടുന്ന പക്ഷവും ദർഘാസ് വ്യവസ്ഥകൾക്ക് വിധേയമായി ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

ടെൻഡർ / ലേലം ഉറപ്പിച്ചതിനു ശേഷം പിന്മാറുന്ന പക്ഷം കെട്ടി വച്ച തുക തിരിച്ചു കിട്ടുന്നതല്ല. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏതൊരു / എല്ലാ ദർഘാസുകളും നിരസിക്കുവാനുമുള്ള അധികാരം മാനേജിങ് ഡയറക്ടർ / ചുമതലപെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. കരാറുകാരൻ കരാർ ജോലികൾ 14 ദിവസത്തിനകം പൂർണ്ണമായും പൂർത്തിയാക്കേണ്ടതാണ്.

ഒപ്പ്
മാനേജിങ് ഡയറക്ടർ
കിൻഫ്ര
ശാസ്തമംഗലം ,തിരുവനന്തപുരം